പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം ഹയർസെക്കന്ററി
വിഭാഗം, ഹൗസിംഗ്ബോർഡ്
ബിൽഡിംഗ്, ശാന്തിനഗർ,
തിരുവനന്തപുരം.

**എ.ഡി എ2/177018/എച്ച് എസ് ഇ/2020** **തീയതി: 03/08/2020**

## സർക്കുലർ

വിഷയം:- പൊ.വി.വ-ഹ.സെ.വി. -ജീവനക്കാര്യം - ലോക്ക് ഡൗൺ സമയത്തെ ജോലി ക്രമീകരണം - ജീവനക്കാരെ നിയോഗിക്കുന്നത്-സംബന്ധിച്ച്.

സൂചന: 1. സ.ഉ (കൈ) നം.128/2020/പൊ.ഭ.വ. തീയതി 02/07/2020

2.തിരുവനന്തപുരം ജില്ലാ കളക്ടറുടെ 28/07/2020 ലെ DDMA/01/2020/ COVID/ cz-27 നമ്പർ ഉത്തരവ്.

സംസ്ഥാനത്തെ കോവിഡ്-19 പ്രതിരോധ/ നിർവ്യാപന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ലോക്ക് ഡൗൺ നിലവിലിരിക്കുന്ന സാഹചര്യത്തിൽ സൂചന പ്രകാരം സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങളും സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കന്ററി വിഭാഗത്തിൽ എല്ലാ സെക്ഷനുകളിലും 30% ജീവനക്കാർ ഹാജരാകുന്നതിനുവേണ്ട ക്രമീകരണങ്ങൾ അതാത് ബ്രാഞ്ച് മേധാവിമാരും മേഖലാ ഉപഡയറക്ടർമാരും ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

Sd/-

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

പകർപ്പ്: ബന്ധപ്പെട്ട വ്യക്തികൾക്കും, ബ്രാഞ്ച് ഓഫീസർമാർക്കും.

**പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ (ഹയർ സെക്കന്ററി വിഭാഗം)നടപടിക്രമങ്ങൾ**

ഹാജർ: ശ്രീ. ജീവൻ ബാബു കെ ഐ.എ.എസ്

സംഗ്രഹം

പൊ.വി.വ – ഹ.സെ.വി – ഭരണവിഭാഗം– കോവിഡ്–19 – ലോക്ഡൗൺ ഇളവുകൾ – ഹയർ സെക്കന്ററി വിഭാഗത്തിന്റെ പ്രവർത്തനം – പുതുക്കിയ നിർദ്ദേശങ്ങൾ.

**ഉത്തരവ് നമ്പർ.എഡി.എ2/177018/2020/പൊ വി വ** **തീയതി : 03/08/2020**

പരാമർശം : 1. സ.ഉ (കൈ) നം.128/2020/പൊ.ഭ.വ. തീയതി 02/07/2020

2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 28/07/2020 ലെ DDMA/01/2020/COVID/cz–27 നമ്പർ ഉത്തരവ്.

ഉത്തരവ്

കോവിഡ്–19 വ്യാപനപ്രതിരോധത്തിന്റെ ഭാഗമായി തിരുവനന്തപുരം നഗരസഭ അതിർത്തിയിൽ ഏർപ്പെടുത്തിയിരുന്ന ലോക്ഡൗൺ നിയന്ത്രണങ്ങളിൽ സൂചന (2) പ്രകാരം ഭാഗിക ഇളവുകൾ അനുവദിച്ചിട്ടുണ്ട്. ഈ പ്രത്യേക സാഹചര്യത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ഓരോ ദിവസവും 30% ജീവനക്കാർ ഓഫീസിൽ ഹാജരാകണം. ഇതിനായി തയ്യാറാക്കിയ സമയക്രമപ്പട്ടിക അനുബന്ധമായി ചേർക്കുന്നു. ഇതിൽ ഉൾപ്പെട്ടിരിക്കുന്ന ജീവനക്കാർ അതാത് ദിവസങ്ങളിൽ ഹാജരായി അടിയന്തിര ജോലികൾ നിർവ്വഹിക്കേണ്ടതാണ്. എ, ബി ഗ്രൂപ്പിൽപ്പെടുന്ന ഓഫീസർമാർ എല്ലാ ദിവസങ്ങളിലും ഹാജരാകേണ്ടതാണ്.
2) ഏതെങ്കിലും കാരണവശാൽ ജോലിക്കെത്താൻ കഴിയാത്തവർ മുൻകൂട്ടി അനുവാദം വാങ്ങേണ്ടതാണ്.
3) കോസ്റ്റൽ ക്രിട്ടിക്കൽ കണ്ടെയ്ൻമെന്റ് സോൺ/ഹോട്ട്സ്പോട്ട് തുടങ്ങി പ്രത്യേകം നിർവ്വചിക്കപ്പെട്ട പ്രദേശങ്ങളിൽ നിന്നുള്ള ജീവനക്കാർ, ഭിന്നശേഷിക്കാർ, ഗർഭിണികൾ, 1 വയസ്സിനു താഴെ പ്രായമുള്ള കുഞ്ഞുങ്ങളുടെ അമ്മമാർ എന്നിവർക്ക് സർക്കാർ മാനദണ്ഡങ്ങളനുസരിച്ചുള്ള ഇളവുകൾ ബാധകമായിരിക്കും.
4) കണ്ടെയ്ൻമെന്റ് സോൺ/ഹോട്ട്സ്പോട്ട് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വരുന്ന ജീവനക്കാർ പഞ്ചായത്ത്/കോർപ്പറേഷൻ അധികൃതരുടെ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ ലീവ് അനുവദിക്കുന്നതാണ്. ക്വാറന്റയിനിലുള്ള ജീവനക്കാർ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാരുടെ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിക്കുകയാണെങ്കിൽ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതാണ്.

5) പട്ടിക പ്രകാരം ഓഫീസിൽ ഹാജരാകാത്ത ദിവസങ്ങളിൽ എല്ലാ ജീവനക്കാരും 'വർക്ക് ഫ്രം ഹോം' പ്രകാരം പ്രവർത്തിക്കേണ്ടതും അടിയന്തിര ഘട്ടങ്ങളിൽ ആവശ്യപ്പെടുന്ന മുറയ്ക്ക് ഓഫീസിൽ എത്തിച്ചേരേണ്ടതുമാണ്.
6) മീറ്റിംഗുകൾ, ഹിയറിംഗുകൾ എന്നിവ ഓൺലൈൻ പ്ലാറ്റ്ഫോമിൽ മാത്രം നിജപ്പെടുത്തുവാൻ പരമാവധി ശ്രദ്ധിക്കണം.
7) സന്ദർശക നിയന്ത്രണം, ഓഫീസിലെ സാമൂഹിക അകലം പാലിച്ചുകൊണ്ടുള്ള ഇരിപ്പിട ക്രമീകരണം, അണുനശീകരണം, വ്യക്തിശുചിത്വം തുടങ്ങി ഇതിനകം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള എല്ലാ നിബന്ധനകളും തുടർന്നും പാലിക്കേണ്ടതാണ്.
8) ഡ്രൈവർമാർ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഹാജരാകേണ്ടതാണ്.
9) നൈറ്റ് വാച്മാൻ എല്ലാ ദിവസങ്ങളിലും ഹാജരാകേണ്ടതാണ്.

ഇന്നത്തെ അസാധാരണ സാഹചര്യങ്ങൾക്കനുസൃതമായി ഏർപ്പെടുത്തിയിട്ടുള്ള ഈ ക്രമീകരണങ്ങൾ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ തുടരുന്നതാണ്.

**ഒപ്പ്/-**
**ശ്രീ. ജീവൻ ബാബു കെ ഐ.എ.എസ്.**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്:

1) ഡയറക്ടറുടെ പി എ
2) സീനിയർ എ.ഒ.
3) സീനിയർ എഫ്.ഒ.
4) ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)
5) ജോയിന്റ് ഡയറക്ടർ (പരീക്ഷ)
6) കരുതൽ ഫയൽ

**ആജ്ഞാനുസരണം**
**Sd/-**
**സൂപ്രണ്ട്**